പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1058 | 25.01.2018 ന് മറുപടിയ്ക്ക്.

## ലെഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക ഐ.റ്റി.ഐ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ലെഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.റ്റി.ഐ., കരിമ്പുഴയുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) എലുമ്പുലാശ്ശേരി ഐ.ടി.ഐയുടെ പ്രവർത്തനത്തിനായി 8 തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ ആയിരുന്ന ശ്രീ. എം. ഹംസ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പി.ഡബ്ല്യു.ഡി.ക്ക് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. ടി ഐ.ടി.ഐയിലെ പ്ലംബർ ട്രേഡിലേയ്ക്ക് 10,93,155/- രൂപയുടേയും ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിലേയ്ക്ക് 32,17,245/- രൂപയുടേയും ഉപകരണ സംഭരണത്തിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത ഐ.റ്റി.ഐ.യ്ക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) എലുമ്പുലാശ്ശേരി ഐ.ടി.ഐയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജല വിഭവ വകുപ്പിന്റെ അധീനതയിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഒറ്റപ്പാലം താലൂക്കിൽ കരിമ്പുഴ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ടതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമിയിൽ നിന്നും 2 ഏക്കർ സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകാവുന്നതാണെന്ന് ജല വിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം -1 കോഴിക്കോട് - ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ, ചീഫ് എഞ്ചിനീയർ എന്നിവർക്ക് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് ലഭ്യമാക്കിയ കരാറുടമ്പടിയുടെ കരട് സർക്കാർ പരിശോധിച്ച് വരുന്നു. |

| | |
|---|---|
| (സി) പാലക്കാട് ജില്ലയിലെ, സ്വന്തമായി സ്ഥലം ഇല്ലാത്ത ഐ.റ്റി.ഐ.കളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ സ്വന്തമായി സ്ഥലമില്ലാത്ത ഐ.ടി.ഐകൾ താഴെ പറയുന്ന 3 എണ്ണം ആണ്.<br><br>1) ഗവണ്മെന്റ് ഐ.ടി.ഐ നെൻമാറ – പോത്തുണ്ടി വില്ലേജിൽ സർവ്വെ നമ്പർ 497/1 ൽ പെട്ട 2.5 ഏക്കർ സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>2) ഗവണ്മെന്റ് ഐ.ടി.ഐ പെരുമാട്ടി - പെരുമാട്ടി വില്ലേജിൽ ബ്ലോക്ക് 46-ൽ പെട്ട 5 ഏക്കർ സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>3) ലഫ്റ്റനന്റ് **കേണൽ** നിരഞ്ജൻ സ്മാരക ഗവണ്മെന്റ് ഐ.ടി.ഐ - ജല വിഭവ വകുപ്പിന്റെ അധീനതയിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്റ്റിന്റെ കീഴിലുള്ള ഒറ്റപ്പാലം താലൂക്കിൽ കരിമ്പുഴ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ടതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമിയിൽ നിന്നും 2 ഏക്കർ സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) കരിമ്പുഴ സർക്കാർ ഐ.റ്റി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടവും മറ്റനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ;<br><br>(ഇ) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) & (ഇ) വകുപ്പിന് ലഭ്യമാക്കാമെന്ന് അറിയിച്ചിരിക്കുന്ന സ്ഥലത്ത് ബഹുമാനപ്പെട്ട എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കി പി.ഡബ്ല്യു.ഡി. ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. മറ്റ് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല. |

Bindu

സെക്ഷൻ ഓഫീസർ